Notice for adjournment motion

Uncorrected/Not for publication
29-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാനത്ത് ധനപ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതായും ക്ഷേമപ്രവർത്തനങ്ങൾ താളം തെറ്റിയതുമൂലം സംസ്ഥാനത്തെ ജനങ്ങളിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഡോ. മാത്യു കുഴൽനാടൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാനത്തിന്റെ നിലവിലെ സാഹചര്യത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ നൽകിയിരിക്കുന്ന നോട്ടീസിന് അടിയന്തര സ്വഭാവമുണ്ടെന്ന് കേൾക്കുന്നവരും സഭയ്ക്കകത്തും പുറത്തുമുള്ളവരും കരുതുന്ന ഒന്നല്ല. ഓണക്കാലത്തെ കാര്യങ്ങളായാലും ക്ഷേമപെൻഷൻ വിതരണം ചെയ്ത കാര്യത്തിലായാലും

പൊതുകമ്പോളത്തിന്റെ സ്ഥിതി പരിശോധിച്ചാലും അക്കാര്യം വ്യക്തമാകും. എങ്കിൽപോലും ഇനിയും അക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ ധനപരമായ കാര്യങ്ങളെ സംബന്ധിച്ച് തുറന്ന ചർച്ച നടത്തുന്നതാണ് നല്ലതെന്നാണ് കരുതുന്നത്. അതിനാൽ ഈ വിഷയം ചർച്ച ചെയ്യാമെന്നുള്ള അഭിപ്രായമാണ് സർക്കാരിനുള്ളത്. കേരളത്തിന്റെ ധനകാര്യസ്ഥിതിയെ സംബന്ധിച്ച് സർക്കാരിന് പറയാനുള്ള കാര്യങ്ങൾ ഈയവസരത്തിൽ വിശദമായി പറയാമല്ലോ.

<u>മി. സ്പീക്കർ</u>: ഓർഡർ.....ഓർഡർ..... (.....ബഹളം.....)

ചട്ടം 50 പ്രകാരം ഇന്ന് ലഭിച്ച നോട്ടീസിലൂടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്മേൽ ചർച്ച ആകാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ അതുസംബന്ധിച്ച ചട്ടം 55 അനുസരിച്ചുള്ള ഉപക്ഷേപം 12.00 മണിക്ക് ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂറായിരിക്കും ചർച്ചയ്ക്ക് അനുവദിച്ചിട്ടുള്ള സമയപരിധി.